**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ - ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിക്കേണ്ടത് സംബന്ധിച്ച്- നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ) നം.2465/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി : 17.08.2016.**

പരാമർശം : 1) കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 17.05.2016 ലെ M-11015/112/2016 - CB നമ്പർ കത്ത്.

2) 10.08.2016-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 1.14 നമ്പർ തീരുമാനം

**ഉത്തരവ്**

ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് പരാമർശം (1) കത്തിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, പരാമർശം (2) ലെ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ തീരുമാനപ്രകാരം ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്/നിലനിർത്തേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ (കൃത്യമായ ഇടവേളകളിൽ) യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

3) രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുക എന്ന ഉത്തരവാദിത്തം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്.

4) ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണ്.

5) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന രീതിയിലുള്ള സർവേകളോ/ക്യാമ്പുകളോ ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതുമാണ്.

ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

Scanned by CamScanner